ഖുത്ബ
15.12.2006
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# അർറഹ്മാൻ ചോദിക്കാതെ നല്കുന്നവൻ
## (1)

هُوَ اللّٰهُ الَّذِيْ لَآ اِلٰهَ اِلَّا هُوَ عٰلِمُ الْغَيْبِ وَالشَّهَادَةِ هُوَ الرَّحْمٰنُ الرَّحِيْمُ

**അ**വനാണ് അല്ലാഹു. അവനല്ലാതെ ഒരാരാധ്യനുമില്ല; പരോക്ഷമായതും പ്രത്യക്ഷമായതും അറിയുന്നവൻ. അവൻ തന്നെയാണ് ചോദിക്കാതെ നല്കുന്നവനും അതിരില്ലാതെ കരുണ ചെയ്യുന്നവനും നിരന്തരം കരുണചൊരിയുന്നവനും. (*59:23*)

കഴിഞ്ഞ ഖുത്ബകളിൽ ഞാൻ റബ്ബ് എന്ന ഗുണനാമത്തെക്കുറിച്ചാണ് പറഞ്ഞിരുന്നത്. ഈ ഗുണനാമത്തെക്കുറിച്ച് വിശുദ്ധഖുർആൻ ആദ്യ അദ്ധ്യായം മുതൽതന്നെ പ്രതിപാദിക്കുന്നുണ്ട്. എന്നല്ല, അതിന്റെ ആരംഭത്തിൽ തന്നെ അല്ലാഹുവിന്റെ ആദ്യത്തെ ഗുണനാമമായ റബ്ബാണ് പറഞ്ഞിട്ടുള്ളത്. റബ്ബ് എന്ന ഗുണനാമത്തെക്കുറിച്ച് ആരംഭം മുതൽ അവസാനം വരെ വിവിധ രീതിയിൽ പറഞ്ഞിരിക്കുന്നു. അതിനുള്ള കുറച്ച് ഉദാഹരണങ്ങൾ ഞാൻ സമർപ്പിച്ചിരുന്നു.

ഇന്ന് ഞാൻ പറയാൻ പോകുന്നത് അല്ലാഹുവിന്റെ ഗുണനാമമായ റഹ്മാനെക്കുറിച്ചാണ്. ആദ്യ സൂറത്തായ സൂറാഃഫാതിഹായിൽ റബ്ബ് എന്ന ഗുണനാമത്തിനുശേഷം ഈ ഗുണനാമത്തെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സൂറഃഫാതിഹായിൽ അല്ലാഹുവിന്റെ ഗുണനാമമായ റബ്ബുൽആലമീനുശേഷം റഹ്മാൻ എന്ന ഗുണനാമമാ ണ് പറഞ്ഞിട്ടുള്ളത്. അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. അർറഹ്മാൻ." വീണ്ടും അവിടന്ന് പറയുന്നു: "റഹ്മാനിയ്യത്തിന്റെ ഔദാര്യങ്ങൾ, എല്ലാ ജീവജാലങ്ങളേയും വലയം ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷികളും ഈ കാരുണ്യപ്രവാഹത്തിന്റെ വിശാലമായ നദിയിൽ സന്തോഷത്തോടും ആനന്ദത്തോടും കൂടി നീന്തിക്കൊണ്ടിരിക്കുകയാണ്. കാരണം, റുബൂബിയ്യത്ത് അഥവാ പരിപാലനത്തിനുശേഷം വരുന്നത് ഈ ഔദാര്യത്തിന്റെ സ്ഥാനമാണ്. ഈ കാരണത്താൽ അല്ലാഹു, സൂറഃഫാതിഹായിൽ റബ്ബുൽആലമീന്റെ ഗുണനാമം വിവരിച്ചുകൊണ്ട് അവൻ റഹ്മാനാണെന്നുള്ള വിശേഷണഗുണത്തെക്കുറിച്ച് പറഞ്ഞു; അതിന്റെ ക്രമം സുരക്ഷിതമായിരിക്കുന്നതിനുവേണ്ടി."

റഹ്മാനിയ്യത്ത് എന്ന സവിശേഷഗുണം എന്താണെന്നും, എങ്ങനെ സകല ജീവജാലങ്ങളും ഇതിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നുവെന്നും വ്യക്തമാക്കുന്നതിനായി അതിന്റെ നിഘണ്ടുപരമായ അർത്ഥങ്ങളും സംക്ഷിപ്തമായ വിശദീകരണവും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും മുൻകാല വ്യാഖ്യാതാക്കളുടേയും വാക്കുകൾ ഉദ്ധരിച്ചുപറയുന്നതാണ്.

മുഫ്റദാത്ത് ഇമാം റാഗിബിൽ എഴുതിയിരിക്കുന്നു. ഒരാൾക്ക് അയാളുടെ ആവശ്യമനുസരിച്ച് അനുകമ്പയോടുകൂടി ഔദാര്യം ചെയ്യുന്നതിനാണ് റഹ്മത്ത് എന്നുപറയുന്നത്. വെറും ഔദാര്യമല്ല. മറിച്ച്, അനുകമ്പ മാത്രമാണ്. ചിലപ്പോൾ അനുകമ്പ കൂടാതെ വെറും ഔദാര്യം എന്നർത്ഥത്തിലും ഈ പദം ഉപയോഗിക്കാറുണ്ട്. ഇതിന്റെ ഉദാഹരണം അദ്ദേഹം നല്കിയിട്ടുണ്ട്. അല്ലാഹുവിനെ കുറിച്ച് പറയുന്നു: ***റഹിമല്ലാഹുഫുലാനൻ***. അല്ലാഹു ഇന്നയാളുടെമേൽ ഔദാര്യം ചെയ്തു. റഹ്മത്ത് എന്ന പദം അല്ലാഹുവിനായി ഉപയോഗിക്കുമ്പോൾ അത് ഔദാര്യം എന്നർത്ഥത്തിൽ മാത്രമേ വരികയുള്ളൂ. മാർദ്ദവം, കർക്കശം തുടങ്ങിയ വികാരങ്ങൾ ഇമാം റാഗിബ് മനുഷ്യനോടു മാത്രം പ്രത്യേകപ്പെടുത്തിയിരിക്കുന്നു.

വീണ്ടും പറയുന്നു: "മനുഷ്യരെ എടുത്തുദ്ധരിച്ചുകൊണ്ട് റഹ്മത്ത് എന്ന പദം പ്രയോഗിക്കുകയാണെങ്കിൽ അതിന്റെ ഉദ്ദേശ്യം മൃദുലമായി പെരുമാറുകയും അനുകമ്പാവികാരത്തോടെ ചായുകയും ചെയ്യുക എന്നാണ്.'' വീണ്ടും പറയുന്നു. "ഖുദ്സിയായ ഈ ഹദീസിന്റെ ഉള്ളടക്കം അതാണ് വിളിച്ചോതുന്നത്. 'അല്ലാഹു റെഹം അഥവാ ഗർഭപാത്രം സൃഷ്ടിച്ചപ്പോൾ പറഞ്ഞു, ഞാൻ റഹ്മാ

നാണ് നീ റെഹം ആണ്. ഞാൻ നിന്റെ പേര് എന്റെ പേരിൽനിന്ന് ഇട്ടിരിക്കുന്നു. ആരാണോ നീയുമായി ബന്ധം സ്ഥാപിച്ചത്, ഞാനും അവനുമായി ബന്ധം സ്ഥാപിക്കും. ആരാണോ നീയുമായി ബന്ധം മുറിച്ചത് ഞാൻ അവനെ കഷണം കഷണമാക്കുന്നതാണ്.'

രക്തബന്ധവുമായിട്ടാണ് അതിന്റെ ബന്ധം. അല്ലാഹു, റഹ്മാനിയ്യത്ത് എന്ന തന്റെ വിശേഷണഗുണത്തെ, രക്തബന്ധവുമായി ചേർത്തു പറഞ്ഞിരിക്കുകയാണ്.

പ്രസ്തുത ഹദീസ്, റഹ്മത്ത് രണ്ടർത്ഥങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് സൂചിപ്പിക്കുന്നു. ഒന്ന് അർറിഖ- അലിവ്. രണ്ടാമത്തേത് അൽഇഹ്സാൻ- ഔദാര്യം ചെയ്യൽ.

അല്ലാഹു റഹ്മാനുദ്ദുൻയാ ആണെന്നും റഹീമുൽആഖിറ ആണെന്നും പറയപ്പെട്ടിരിക്കുന്നു. അതിനു കാരണം, അവന്റെ ഔദാര്യം ഈ ലോകത്ത് സത്യവിശ്വാസിയും അവിശ്വാസിയും പൊതുവായിട്ടനുഭവിക്കുന്നു എന്നതാണ്. എന്നാൽ, പരലോകത്ത് അത് സത്യവിശ്വാസികൾക്ക് മാത്രം പ്രത്യേകമായിരിക്കും. ഈ വിഷയത്തെക്കുറിച്ച് പറയുന്നു: ***വ റഹ്മത്തീ വസിഅത് കുല്ല ശയ്ഇൻ ഫസ അക്തുബുഹാ ലില്ലദീന യത്തഖൂൻ***. എന്റെ കാരുണ്യമാകട്ടെ സർവ്വവസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. അതുകൊണ്ട് സൂക്ഷ്മത കൈക്കൊള്ളുന്നവർക്ക് അത് ഞാൻ എഴുതിവയ്ക്കുന്നതാണ്. (7:15)

അഖ്റബുൽ മവാരിദിൽ എഴുതിയിരിക്കുന്നു. റഹിമ എന്നതിന്റെ അർത്ഥം, അവനോട് മനസ്സിൽ അനുകമ്പാവികാരമുണ്ടായി. അവന് പൊറുത്തുകൊടുത്തു. ദയാവികാരത്തോടെ അവനിലേക്കുചാഞ്ഞു. ഇസ്തർഹമ- അവനോട് ദയയും അനുകമ്പയും ചോദിച്ചു. റെഹം എന്നാൽ, ഉമ്മയുടെ വയറ്റിൽ കുട്ടി വളരുന്ന സ്ഥലം. ഖറാബത്ത്, അടുത്തബന്ധം. അർറഹ്മാനെ കുറിച്ചു പറയുന്നു. അല്ലാഹുവിന്റെ വിശേഷണനാമങ്ങളിൽ ഒരു നാമമാണ്. അല്ലാഹുവുമായി മാത്രം പ്രത്യേകപ്പെട്ടിട്ടുള്ളതാണിത്. മറ്റാർക്കും വേണ്ടി ഈ പദം പ്രയോഗിക്കുകയില്ല. അല്ലാഹുവിന്റെ വിശേഷണഗുണം എന്ന നിലയിൽ മാത്രമാണ് ഈ പദം ഉപയോഗിക്കുന്നത്.

അർറഹമ= അലിവ്, അനുകമ്പയോടുകൂടിയുള്ള മനസ്സിന്റെ ചായ്‌വ്. അല്ലെങ്കിൽ മറ്റുള്ളവരോട് നല്ല നിലയിൽ പെരുമാറാനും മാപ്പുകൊടുക്കാനും ആവശ്യപ്പെടൽ.

ലിസാനുൽഅറബിൽ എഴുതിയിരിക്കുന്നു. അർറഹമ- അനുകമ്പയോടുകൂടിയുള്ള മനസ്സിന്റെ ചായ്‌വും പൊറുത്തുകൊടുക്കലും. ഇവയിൽ അർറഹ്മാൻ- മുബാലഗയുടെ രൂപമാണ്. അതായത്, ഇതിന്റെ അർത്ഥത്തിൽ ആധിക്യം ഉണ്ടാകുന്നു. അത് എങ്ങനെയെന്നുവെച്ചാൽ അവന്റെ കാരുണ്യം എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു. റഹ്മാൻ എന്ന വിശേഷണഗുണം അല്ലാഹുവുമായി മാത്രം പ്രത്യേകപ്പെട്ടതാണ്. റഹ്മാൻ എന്ന പദം മനുഷ്യനുവേണ്ടി പറയുകയാണെങ്കിൽ അതിന്റെ അർത്ഥം മനസ്സിന്റെ അലിവ്, അനുകമ്പയോടുകൂടിയുള്ള മനസ്സിന്റെ ചായൽ. റഹ്മത്ത് എന്ന പദം അല്ലാഹുവിനുവേണ്ടി ഉപയോഗിച്ചാൽ അതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ ദയ, അവന്റെ ഔദാര്യം, അവന്റെ ദാനം എന്നാണ്.

ആവശ്യമുള്ള സമയത്തുവരുന്ന പ്രയോജനപ്രദമായ മഴയേയും അല്ലാഹു റഹമ എന്നു പറഞ്ഞിട്ടുണ്ട്. കാരണം അത് അല്ലാഹുവിന്റെ കരുണകൊണ്ടാണ് വർഷിക്കുന്നത്.

ഇതിൽനിന്നെല്ലാം മനസ്സിലാകുന്നത് റഹ്മാനായ ദൈവത്തിന്റെ അർത്ഥം സമ്മാനം നല്കുന്നവൻ, അനുഗ്രഹവും ഔദാര്യവും ചെയ്യുന്നവൻ, ദയയോടുകൂടി ശ്രദ്ധിക്കുന്നവൻ, ജീവിതവിഭവം തരുന്നവൻ എന്നൊക്കെയാണ്. ഈ ഔദാര്യവും സമ്മാനവും അനുഗ്രഹവും ദയയും ചെയ്യുക എന്നതും ജീവിതവിഭവം നല്കുക എന്നതും എല്ലാ വസ്തുക്കളുമായും ബന്ധപ്പെട്ടിരിക്കുന്നു. "റഹ്മാനിയ്യത്തിന്റെ അനുഗ്രഹപ്രവാഹം എല്ലാ ജീവജാലങ്ങളേയും വലയം ചെയ്തിരിക്കുന്നു" എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി.

അല്ലാമ ഫഖ്റുദ്ദീൻ റാസി എഴുതുന്നു. അർറഹ്മാൻ, മനുഷ്യർക്കു ചെയ്യാൻ പറ്റാത്തരീതിയിലുള്ള അനുഗ്രഹം ചെയ്യുന്നവൻ. റഹ്മാനിയ്യത്തിന്റെ പ്രഭവെളിപ്പെട്ട ഒരു സംഭവം അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു. ഇബ്റാഹീം ദിനദംനെക്കുറിച്ച് വന്നിരിക്കുന്നു. അദ്ദേഹം പറയുന്നു. ഞാനൊരാളുടെ അതിഥിയായിരുന്നു. അദ്ദേഹം ഭക്ഷണം എന്റെ മുന്നിൽവെച്ചു. വെളിയിലിരുന്നാണ് ഭക്ഷണം കഴിച്ചിരുന്നത്. അപ്പോൾ ഒരു കാക്ക വന്നു. എന്റെ മുന്നിൽനിന്ന് ഒരു റൊട്ടി എടുത്തുകൊണ്ടുപോയി. എങ്ങോട്ടാണ് ആ റൊട്ടി കൊണ്ടുപോകുന്നതെന്ന് കണ്ടുപിടിക്കാനായി ഞാൻ അതിന്റെ പിന്നാലെ അത്ഭുതത്തോടെ നടന്നു. അത് ഒരു കുന്നിൽ ചെന്നിരുന്നു. അവിടെ ഒരാളെ കെട്ടിയിട്ടിരുന്നു. കാക്ക ആ റൊട്ടി അയാളുടെ മുമ്പിലിട്ടു. ഇങ്ങനെ റഹ്മാനിയ്യത്തിന്റെ ഒരു പ്രഭ

അല്ലാമാ റാസി തന്റെ തഫ്സീറിൽ എഴുതിയിരിക്കുന്നു.

മറ്റൊരു സംഭവം അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു. ഞാനൊരു പുഴയരികിൽ നില്ക്കുകയായിരുന്നു. ഒരു തടിച്ച തേളിനെ ഞാൻ കണ്ടു. പുഴയിലൊരു വലിയ തവള ഉണ്ടായിരുന്നു. തേൾ അതിന്റെ മേലിരുന്നു. ഞാനും വഞ്ചിയിൽ കയറി അതിന്റെ പിന്നാലെ പോയി. അടുത്തകരയിലെത്തിയപ്പോൾ തേൾ അവിടെ ഇറങ്ങി. ഒരുഭാഗത്തേക്ക് അത് നീങ്ങി. ഞാൻ അതിന്റെ പിന്നാലെ നടന്നു. ഒരു മരത്തിന്റെ കീഴെ ഒരാൾ ഉറങ്ങുന്നതായി കണ്ടു. ഒരു പാമ്പ് അയാളെ കൊത്താൻ എഴുന്നേറ്റുനില്ക്കുകയായിരുന്നു. തേൾചെന്ന് പാമ്പിനെ കുത്തി. പാമ്പ് തേളിനെ കൊത്തി. രണ്ടും ചത്തു. അയാൾ രക്ഷപ്പെടുകയും ചെയ്തു. ഇതും ഒരു കഥയിൽ അദ്ദേഹം വിവരിച്ചിട്ടുള്ളതാണ്. എങ്ങനെയാണ് ചിലഘട്ടങ്ങളിൽ അല്ലാഹു തന്റെ റഹ്മാനിയ്യത്തിന്റെ പ്രഭ കാണിക്കുന്നതെന്ന് നോക്കുക.

റബ്ബിനുശേഷം രണ്ടാമത്തെ വിശേഷണഗുണം റഹ്മാനിയ്യത്താണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ഇതിലെ ചില അർത്ഥങ്ങൾ റബ്ബിലും വന്നിരുന്നു. റബ്ബിന്റെ അർത്ഥം, സകലവസ്തുക്കളും സൃഷ്ടിക്കുന്നവനും പരിപാലിക്കുന്നവനും എന്നാണ്. എല്ലാ ഭൂമിയുടേയും ആകാശത്തിന്റേയും സൃഷ്ടിപ്പ് ഇതിൽപെടുന്നു. റഹ്മാന്റെ അർത്ഥം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “അവൻ ഒരു പ്രതിഫലവും കാംക്ഷിക്കാതെ നിഅ്മത്തുകൾ തന്നരുളുന്നു. നബി(സ) തിരുമേനിയെക്കുറിച്ച് പറഞ്ഞുകൊണ്ട് അതിന്നൊരുദാഹരണവും അദ്ദേഹം നല്കിയിരിക്കുന്നു. അവിടന്ന് പറയുന്നു: സൂറഃഫാതിഹായിൽ, അല്ലാഹുവിന്റെ നാല് വിശേഷണഗുണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. നബി(സ) തിരുമേനി ഈ നാല് വിശേഷണഗുണത്തിന്റേയും പരിപൂർണ്ണ പ്രതീകമായിരുന്നു. ഉദാഹരണത്തിന്, ഒന്നാമത്തെ വിശേഷണഗുണം റബ്ബിൽ ആലമീൻ എന്നതാണ്. നബി(സ)നെക്കുറിച്ച് അല്ലാഹുതന്നെ പറഞ്ഞു, ***വമാ അർസൽനാക്ക ഇല്ലാറഹ്മത്തൻല്ലിൽ ആലമീൻ***. നാം നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത് (21:108). റബ്ബുൽആലമീൻ പൊതുവായിട്ടുള്ള പരിപാലനത്തെ ആഗ്രഹിക്കുന്നതുപോലെ, നബി(സ) തിരുമേനിയുടെ ഉദാരതകളും അനുഗ്രഹങ്ങളും അവിടത്തെ സന്മാർഗ്ഗവും പ്രബോധനവും മുഴുവൻ ദുൻയാവിനും മുഴുവൻ ലോകത്തിനും വേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത്തെ വിശേഷണഗുണം റഹ്മാൻ എന്നതാണ്. നബി(സ) തിരുമേനി ഈ വിശേഷണഗുണത്തിന്റേയും പൂർണ്ണപ്രതീകമായി. കാരണം അവിടത്തെ ഉദാരതകൾക്കും അനുഗ്രഹങ്ങൾക്കും ബദലോ പ്രതിഫലമോ ഇല്ല.

ഇവിടെ മറ്റൊരു കാര്യമുണ്ട്. ഒരു ഖുർആൻ വ്യാഖ്യാതാവോ, നിഘണ്ടു കർത്താവോ, റഹ്മാൻ വെറും അല്ലാഹുവിനോടു ചേർത്തെ പറയൂ എന്ന് എഴുതിയിരുന്നത് ഞാൻ കേൾപ്പിച്ചിരുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)റഹ്മാൻ എന്ന വിശേഷണഗുണം മനുഷ്യനിലുമുണ്ടാകാം എന്നും അത് ഏറ്റവും കൂടുതലുള്ളത് പരിപൂർണ്ണമനുഷ്യനായ നബി(സ) തിരുമേനിയിലാണെന്നും പറഞ്ഞിരിക്കുന്നു. എന്നല്ല, ഒരു സാധാരണമനുഷ്യൻപോലും ഇതിന് മാതൃകയാകും എന്ന് അവിടന്ന് പറഞ്ഞിട്ടുണ്ട്. അവർ ആ മാതൃക കാണിക്കേണ്ടതുമാണ്. അതിനുദാഹരണം പറഞ്ഞതിങ്ങനെയാണ്. പ്രതിഫലേച്ഛ കൂടാതെ നിങ്ങൾ ചെയ്യുന്ന പ്രവൃത്തി, സൃഷ്ടിസേവനം ഈ വിശേഷണഗുണത്തിന് വിധേയരായിക്കൊണ്ടാണ് ചെയ്യുന്നത്. ചെയ്യേണ്ടതുമാണ്. തനിക്ക് ബയ്അത്ത് ചെയ്തിട്ടുള്ളവർ ഈ വിശേഷണഗുണത്തെ സ്വായത്തമാക്കുന്നില്ലെങ്കിൽ, അവർ തങ്ങളുടെ ബയ്അത്തിലും വാഗ്ദാനത്തിലും വ്യാജരാണെന്നും ഒരിടത്ത് അവിടന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ ഭാഗത്തേക്കും എല്ലാ അഹ്മദിയും അധികമായി ശ്രദ്ധിക്കേണ്ടതാണ്. സൃഷ്ടിസേവനത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഒരു കാര്യം ഓർമ്മവരുന്നു.

ദരിദ്രരുടെ വിവാഹം നടത്തുന്നതിലും, രോഗികളെ ശുശ്രൂഷിക്കുന്നതിലും, വിദ്യാഭ്യാസ കാര്യത്തിലും ജമാഅത്ത് സഹായം നല്കാറുണ്ട്. ദരിദ്രരായ പെൺകുട്ടികളെ വിവാഹം കഴിച്ചയക്കുന്നതിനായി, അവരെ സഹായിക്കാൻ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) മർയം ശാദി ഫണ്ടിന് രൂപം നല്കിയിരുന്നു. ഇതൊരു വലിയ സൃഷ്ടിസേവനമാണ്. ജമാഅത്തംഗങ്ങൾ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

രോഗികൾക്കുള്ള ചികിത്സ പ്രത്യേകിച്ച് ദരിദ്രരാഷ്ട്രങ്ങളിലുള്ള രോഗികളുടെ ചികിത്സ. പാകിസ്ഥാനിലും ആഫ്രിക്കൻരാഷ്ട്രങ്ങളിലും മറ്റു ദരിദ്രരാജ്യങ്ങളിലുമെല്ലാം ഇതിന്റെ ആവശ്യം നേരിടുന്നുണ്ട്. അതുകൊണ്ട് ഈ ഫണ്ടിലേക്ക് പണം കൊടുക്കേണ്ടതാണ്. സദഖകളും ചന്ദകളും കൊടുക്കേണ്ടതാണ്. സൃഷ്ടിസേവനത്തിന്റെ വികാരത്തോടെ നല്കേണ്ടതാണ്. അല്ലാഹുവിന്റെ ഈ വിശേഷണഗുണത്തെ സ്വായത്തമാക്കുന്ന കാരണത്താൽ അവന്റെ റഹ്മാനിയ്യത്തിൽനിന്ന് കൂടുതൽ അനു

ഗ്രഹം പ്രാപിക്കും.

ഇപ്രകാരംതന്നെയുള്ള ഒന്നാണ് വിദ്യാഭ്യാസ മേഖല. കുട്ടികളുടെ വിദ്യാഭ്യാസം ഇന്ന് ഏറെ ചെലവുള്ളതാണ്. കഴിവുള്ളവർ അതിലേക്കും സഹായം ചെയ്യേണ്ടതാണ്. പാക്കിസ്ഥാനിലും റബ്വയിലും ആഫ്രിക്കൻനാടുകളിലും ജമാഅത്ത് ആശുപത്രികൾ നടത്തുന്നുണ്ട്. അവിടെ ഡാക്ടർമാരെ ആവശ്യമുണ്ട്. അവർക്കും ശംമ്പളം ലഭിക്കുന്നുണ്ട്. പക്ഷേ, വെളിയിൽ കിട്ടുന്നതിനേക്കാൾ കുറവായിരിക്കും. എന്തായാലും സൃഷ്ടിസേവന വികാരത്തോടെ ഡാക്ടറന്മാരും തങ്ങളുടെ വഖ്ഫ് ചെയ്യേണ്ടതാണ്. മൂന്നുവർഷത്തേക്കോ, നാലോ അഞ്ചോ വർഷത്തേക്കോ ജീവിതം മുഴുവനുമോ വഖ്ഫ് ചെയ്യേണ്ടതാണ്. കുറച്ചുകാലത്തേക്കാണെങ്കിലും വഖ്ഫ് ചെയ്ത് രംഗത്ത് വരേണ്ടതാണ്. ഇക്കാര്യങ്ങളാണ് അവർക്ക് അല്ലാഹുവിന്റെ സാമീപ്യം നല്കുന്നത്. അല്ലാഹുവിന്റെ വിശേഷണഗുണമായ റഹ്മാനിയ്യത്ത് അവരുടെമേൽ പ്രഭ ചൊരിയുന്നതാണ്. ഞാൻ നടേ പറഞ്ഞ രണ്ട് സംഭവങ്ങൾപോലുള്ള അനുഗ്രഹങ്ങൾ അല്ലാഹു കാണിക്കുന്നതുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അർറഹ്മാൻ എന്ന പദത്തിന് ഒരു പ്രത്യേക അർത്ഥവും ഉണ്ട്. വിശേഷണഗുണമായ അർറഹ്മാന്റെ അനുഗ്രഹം ദൈവകല്പനയാൽ മനുഷ്യർക്കും മറ്റ് മൃഗങ്ങൾക്കും പുരാതനകാലം മുതൽക്കേ, ദൈവികജ്ഞാനത്തിന്റെ ശക്തിക്കനുസരിച്ച് കിട്ടിക്കൊണ്ടിരുന്നു. റഹ്മാന്റെ പ്രത്യേക അർത്ഥമെന്താണ്? അല്ലാഹുവിന്റെ ഇച്ഛയാൽ വിശേഷണഗുണമായ റഹ്മാന്റെ അനുഗ്രഹം, അതിന്റെ ഫലം മനുഷ്യർക്കും കിട്ടിക്കൊണ്ടിരിക്കുക. മൃഗങ്ങൾക്കും കിട്ടിക്കൊണ്ടിരിക്കുക. എന്നെന്നും കിട്ടിക്കൊണ്ടിരിക്കുക. ഇത് പൊതുവേയുള്ള അനുഗ്രഹമാണ്.

പറഞ്ഞു, കഴിവനുസരിച്ച് അവർക്കെല്ലാം അനുഗ്രഹങ്ങൾ കിട്ടിക്കൊണ്ടിരുന്നു. ദൈവികജ്ഞാനത്തിന്റെ ശക്തി, ഓരോരുത്തരുടേയും യോഗ്യതയനുസരിച്ച് കിട്ടിക്കൊണ്ടിരുന്നു. അല്ലാതെ സമമായിട്ടുള്ള വിതരണം എന്ന നിലയിലല്ല. ഈ റഹ്മാനിയ്യത്ത് എന്ന വിശേഷണഗുണത്തിൽ മനുഷ്യരുടേയും മൃഗങ്ങളുടേയും ശക്തികളുടേയോ കർമ്മങ്ങളുടേയോ പരിശ്രമങ്ങളുടേയോ ഒരു കൈകടത്തലുമില്ല. പ്രത്യുത ഇത് അല്ലാഹുവിന്റെ പ്രത്യേക ഔദാര്യമാണ്. ഇത് പൊതുവേയുള്ളൊരു അനുഗ്രഹമാണ്. അത് എല്ലാവർക്കും എത്തിക്കൊണ്ടിരിക്കുന്നു. പിന്നീട് പറഞ്ഞു, കർമ്മങ്ങളൊക്കെ പ്രാബല്യത്തിൽ വരുന്നതിനുമുമ്പേ അല്ലാഹുവിൽനിന്നുള്ള പൊതുവായ കാരുണ്യമാണിത്. ഇതിൽഅപൂർണ്ണനോ പരിപൂർണ്ണനോ ആയ മനുഷ്യന് ഒരു പങ്കുമില്ല. ഇതിൽനിന്ന് വിശേഷണഗുണമായ റഹ്മാന്റെ അനുഗ്രഹം ഏതെങ്കിലും പ്രവൃത്തിയുടെ ഫലമല്ലെന്ന് മനസ്സിലാകുന്നു. അത് അവകാശം ചോദിച്ചതിന്റെ ഫലവുമല്ല. ഫലം കിട്ടുന്നവന്റെ അവകാശവുമല്ല. പ്രത്യുത, ഇത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമാണ്. ഇതിൽ അനുസരണത്തിനും ധിക്കാരത്തിനും ഒരു പ്രസക്തിയുമില്ല. അനുസരണശാലികളും ധിക്കാരികളും, താൻ പൊറുത്തുകൊടുക്കുകയില്ലെന്ന് അല്ലാഹു പറയുന്ന ദൈവാരാധകരും ഒരുപോലെ ഫലമെടുക്കുന്ന ചില കാര്യങ്ങളുണ്ട്. അതിൽപ്പെട്ടതാണ് ഈ അനുഗ്രഹം. അല്ലാഹുവിന്റെ ഇച്ഛയും തീരുമാനവും അനുസരിച്ച് എപ്പോഴും ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഇതിൽ അനുസരിക്കണമെന്നോ ആരാധിക്കണമെന്നോ തഖ്വ കൈക്കൊള്ളണമെന്നോ സ്വാത്മപരിത്യാഗം ചെയ്യണമെന്നോ ഉള്ള നിബന്ധനയില്ല. ഈ അനുഗ്രഹത്തിന്റെ അടിത്തറ, സൃഷ്ടികളുടെ സൃഷ്ടിപ്പിനും, അവയുടെ കർമ്മങ്ങൾക്കും അവയുടെ പരിശ്രമങ്ങൾക്കും അവയുടെ ചോദ്യങ്ങൾക്കും മുമ്പേ വെച്ചിട്ടുള്ളതാണ്. അതുകൊണ്ട് ഈ അനുഗ്രഹത്തിന്റെ അടയാളമായിട്ടാണ്, മനുഷ്യരും മൃഗങ്ങളും ജന്മം കൊള്ളുന്നത്. ഈ അനുഗ്രഹം എല്ലാ വസ്തുക്കളിലും കാലങ്ങളിലും സ്ഥലങ്ങളിലും തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ അനുഗ്രഹം എല്ലാ അവസ്ഥയിലും തുടർന്നുകൊണ്ടിരിക്കുന്നു. അനുസരിക്കുക, പാപം ചെയ്യുക, നന്ദികേട് കാണിക്കുക തുടങ്ങി എല്ലാ അവസ്ഥയിലും ഈ അനുഗ്രഹം തുടർന്നുകൊണ്ടിരിക്കുന്നു. പറയുന്നു: അല്ലാഹുവിന്റെ കാരുണ്യം, സൽക്കർമ്മകാരികളിലും ദ്രോഹികളിലും പതിച്ചുകൊണ്ടിരിക്കുന്നത് നീ കാണുന്നില്ലേ? അവന്റെ ചന്ദ്രനും അവന്റെ സൂര്യനും അനുസരിക്കുന്നവരിലും ധിക്കരിക്കുന്നവരിലും ഉദിച്ചുയരുന്നു. അല്ലാഹു ഓരോ വസ്തുവിനേയും അതിനു അനുയോജ്യമായ കഴിവുകളോടുകൂടി സൃഷ്ടിച്ചിരിക്കുന്നു. അതിന്റെ എല്ലാ ഉത്തരവാദിത്തവും അവൻ ഏറ്റെടുത്തിരിക്കുന്നു. ഇപ്പോൾ ജീവജാലങ്ങളുടെയെല്ലാം ഉപജീവനം അല്ലാഹുവിന്റെ ഉത്തരവാദിത്തത്തിൽപെടാതെയില്ല; അത് ആകാശത്തിലാവട്ടെ, ഭൂമിയിലാവട്ടെ. അവൻ തന്നെയാണ് അവർക്കുവേണ്ടി മരങ്ങൾ സൃഷ്ടിച്ചത്. ആ മരങ്ങളിൽനിന്ന് പഴങ്ങളും പുഷ്പങ്ങളും സുഗന്ധങ്ങളും സൃഷ്ടിച്ചു. ഇതെല്ലാം മനുഷ്യൻ ജനിക്കുന്നതിനു മുമ്പേ അല്ലാഹു അവനുവേണ്ടി ഒരുക്കിവെച്ച കാരു

ണ്യമാണ്. ഇതിൽ മുത്തഖികൾക്ക് ഉപദേശവും ഓർമ്മപ്പെടുത്തലുമുണ്ട്. ഈ അനുഗ്രഹങ്ങൾ കർമ്മ ങ്ങളും അവകാശങ്ങളുമൊന്നും കൂടാതെ, അളവറ്റ ദയാപരനും മഹത്വമുടയവനും സ്രഷ്ടാവുമായ അല്ലാ ഹുവിൽനിന്ന് നല്കപ്പെട്ടതാണ്. ആ ഉന്നതമായ തിരു സന്നിധിയിൽനിന്ന് ഇതുപോലുള്ള മറ്റനുഗ്രഹങ്ങളും നല്കപ്പെട്ടിട്ടുണ്ട്. അത് എണ്ണത്തിന്നതീതമാണ്. ഉദാ ഹരണത്തിന് ആരോഗ്യം നിലനിറുത്തുന്നതിനായി മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നവൻ, ഓരോ രോഗത്തിനും മരുന്നുകൾ നിർമ്മിക്കൽ, നബിമാരെ അയക്കൽ, നബിമാരിൽ ഗ്രന്ഥം ഇറക്കൽ ഇതെല്ലാം നമ്മുടെ റബ്ബായ അർഹമുർറാഹിമീന്റെ റഹ്മാനിയ്യത്താണ്. ഇത് പ്രത്യേകമായ അനുഗ്രഹമാണ്. ഏതെങ്കിലും പ്രവൃത്തിയുടേയോ കണ്ണീരൊലിപ്പിച്ച് വിലപിക്കുന്ന തിന്റേയോ പ്രാർത്ഥനയുടേയോ ഫലമല്ല."

റഹ്മാനായ അല്ലാഹു നമ്മുടെ ഭൗതികമായ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിന് വിവിധ സാധ നങ്ങൾ തന്നരുളുന്നു എന്ന് ഹദ്റത്ത് മസീഹ് മൗഊ ദ്(അ) പറയുകയുണ്ടായി. അവന്റെ ആ അനുഗ്രഹം പൊതുവെയുള്ളതാണ്. അവൻ സൃഷ്ടിച്ച ചില വസ്തുക്കളിൽ ധനവാനും ദരിദ്രനുമെല്ലാം ഒരു പോലെ ഭാഗഭാക്കാകുന്നു. ഇതേപോലെ ആത്മീയ ആവശ്യങ്ങൾ പൂർത്തിയാക്കിത്തരുന്നതിനുവേ ണ്ടിയും അല്ലാഹു തന്റെ വിശേഷഗുണമായ റഹ്മാ നിയ്യത്തനുസരിച്ച് മനുഷ്യന്റെ സംസ്കരണത്തിനും അവരെ സൽക്കർമ്മങ്ങളിൽ നിറുത്തുന്നതിനുമായി നുബൂവ്വത്തും പ്രവാചകത്വവും നിലനിർത്തിയിരിക്കു ന്നു. വിശുദ്ധഖുർആനിലെ നിരവധി ആയത്തുകളിൽ റഹ്മാൻ എന്ന വിശേഷഗുണത്തെക്കുറിച്ച് പറയു ന്നുണ്ട്. ഇതെടുത്തുപറഞ്ഞുകൊണ്ട് ഒരുപാട് സ്ഥല ങ്ങളിൽ അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും ശ്രദ്ധിക്കാൻ പറഞ്ഞിരിക്കുന്നു.

അമ്പിയാക്കന്മാർ നന്മ ഉപദേശിച്ചപ്പോഴെല്ലാം, അല്ലാഹുവിന്റെ കല്പനയാൽ അവർ ഇങ്ങനെ വിളം ബരം ചെയ്തിരുന്നു. ഞങ്ങൾ നിങ്ങളോടു പറയുന്ന നല്ല കാര്യങ്ങൾക്കും ആ ഔദാര്യമുടയവനും റഹ്മാ നുമായ അല്ലാഹുവിലേക്കുള്ള ക്ഷണത്തിനും പകര മായി നിങ്ങളോട് ഒരു പ്രതിഫലവും ഞങ്ങൾ ചോദി ക്കുന്നില്ല. മറിച്ച്, ഇതെല്ലാം നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ ഭൗതി കമായ അനുഗ്രഹങ്ങളെ മാത്രം പ്രയോജനപ്പെടുത്താ തിരിക്കുക. നന്ദികേട് കാണിക്കാതിരിക്കുക. അവന്റെ മുമ്പിൽ പ്രണമിക്കുക. അല്ലാഹുവിന്റെ റഹ്മാനി യ്യത്ത് അഥവാ കാരുണ്യം ഈ ലോകത്ത് എല്ലാ വർക്കും വേണ്ടിയാണ്, അവനത് കാണിച്ചുകൊണ്ടേ യിരിക്കും. പക്ഷേ, അതെല്ലാം അവനെ ആരാധിക്കു ന്നതിലേക്കും അവന്റെ കല്പന പാലിക്കുന്നതി ലേക്കും നിങ്ങളെ കൊണ്ടുപോകേണ്ടതാണ്. നിങ്ങൾ നിഷേധിച്ചിട്ടും അനുസരണക്കേട് കാണിച്ചിട്ടും വിശേ ഷഗുണമായ റഹ്മാനിയ്യത്തിന്റെ പ്രഭയുടെ ഫലമാ യിട്ടാണ് നിങ്ങൾ ജീവിച്ചുപോകുന്നതെന്ന് അല്ലാഹു പറയുന്നു. റഹ്മാനിയ്യത്ത് ഇല്ലായിരുന്നെങ്കിൽ അധി കമാളുകളും തങ്ങളുടെ അതിക്രമം കാരണത്താൽ നാശമടയുമായിരുന്നു.

അല്ലാഹു പറയുന്നു: ഇപ്രകാരം തങ്ങൾക്ക് മുമ്പേ പല സമുദായങ്ങളും കഴിഞ്ഞുകടന്ന ഒരു സമുദായത്തിൽ നിന്നെ നാം അയച്ചിരിക്കുന്നു. നാം നിനക്ക് സന്ദേശം അറിയിച്ചതിനെ നീ അവർക്ക് ഓതി ക്കേൾപ്പിക്കുവാൻവേണ്ടി. എന്നിട്ടും പരമകാരുണി കനെ അവർ നിഷേധിക്കുന്നു. പറയുക, അവൻ എന്റെ നാഥനാണ്. അവനല്ലാതെ ഒരു ആരാധ്യനുമി ല്ല. അവനെയാണ് ഞാൻ അവലംബമാക്കിയിരിക്കു ന്നത്. എന്റെ മടക്കവും അവനിലേക്കുതന്നെ. (13:31)

ഈ വചനത്തിന് രണ്ട് വചനം മുമ്പേ സത്യനി ഷേധികൾ ചോദിച്ചത് തങ്ങൾ നിഷേധിച്ചിട്ട് എന്തു കൊണ്ട് തങ്ങൾക്ക് അടയാളം കാണിക്കുന്നില്ല എന്നാ യിരുന്നു. അതിനുള്ള ഒരു മറുപടി ഇവിടെതന്നെ "അല്ലാഹു ഇച്ഛിക്കുന്നവർക്ക് അവൻ സന്മാർഗ്ഗം നല്കുന്നു. അല്ലാഹു ഇച്ഛിക്കുന്നവനെ നശിപ്പിക്കു കയും ചെയ്യുന്നു" എന്നു പറഞ്ഞുകൊണ്ട് കൊടു ത്തു. ചിലപ്പോൾ അടയാളം കാണിച്ചുകൊണ്ട് സന്മാർഗ്ഗം നല്കുന്നു. ഇവിടെ വീണ്ടും പറഞ്ഞു, അവിശ്വാസികളേ, ശിക്ഷയാണോ അടയാളമാണോ നിങ്ങൾ ആഗ്രഹിക്കുന്നതെന്ന് ഓർത്തുനോക്കുക, അല്ലാഹുവിന്റെ വിശേഷണഗുണമായ റഹ്മാനിയ്യ ത്താണ് ആ ശിക്ഷയെ നീട്ടിവയ്ക്കുന്നത്. അല്ലാഹു എപ്പോഴാണ് അടയാളം കാണിക്കുന്നതെന്ന് നിങ്ങൾ ചോദിക്കുന്നു. അല്ലാഹു നിങ്ങൾക്ക് നീട്ടിത്തരുന്ന തുകൊണ്ടാണ് അത് വരാത്തത്. അവൻ തന്റെ റഹ്മാ നിയ്യത്തിന്റെ പ്രഭ കാണിച്ചുകൊണ്ടിരിക്കുകയാണ്. ഇല്ലെങ്കിൽ നിങ്ങളുടെ പ്രവർത്തനഫലമായി എപ്പോഴേ നിങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ടാകുമായിരുന്നു.

പിന്നീട് ഹദ്റത്ത് മൂസായുടെ ജനതയെക്കുറിച്ച് പറയുന്നു. അവർ പരമകാരുണികനായ ദൈവത്തെ ഉപേക്ഷിച്ചിട്ട് പശുക്കുട്ടിയെ ആരാധിക്കാൻ തുടങ്ങി. അപ്പോൾ ഹദ്റത്ത് ഹാറൂൺ(അ) റഹ്മാനായ ദൈവത്തെ എടുത്തുപറഞ്ഞുകൊണ്ട് അവരെ ഉപ ദേശിച്ചു.

"ഇതിനുമുമ്പേ ഹാറൂൺ അവരോട് പറഞ്ഞി

ട്ടുണ്ടായിരുന്നു. എന്റെ ജനമേ, തീർച്ചയായും ഇതു കൊണ്ട് നിങ്ങൾ പരീക്ഷണത്തിന് വിധേയരായിരിക്കുകയാണ്. നിങ്ങളുടെ നാഥൻ അങ്ങേയറ്റം കരുണ ചൊരിയുന്നവനാണ്. അതുകൊണ്ട് എന്നെ പിന്തുടരുവിൻ. എന്റെ കല്പന അനുസരിക്കുവിൻ" (20:91).

പരമകാരുണികനായ അല്ലാഹുവിനെ വിട്ടു കൊണ്ട് നിങ്ങളെന്തിനാണ് പശുക്കുട്ടിയെ ആരാധിക്കുന്നത്? ശിർക്ക് ചെയ്ത് അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചുവരുത്തുന്നതെന്തിനാണ്? ഇത്ര വലിയ അനുഗ്രഹങ്ങൾ കണ്ടിട്ടും നിങ്ങൾക്ക് ബുദ്ധി ഉദിക്കുന്നില്ലേ? അല്ലാഹു വളരെ വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്. എന്നിട്ട് അതിനെയെല്ലാം ഉപേക്ഷിച്ച് നിസ്സാരമായ ഒരു വസ്തുവിനെ ദൈവമാക്കിയിരിക്കുകയാണോ. നിങ്ങൾ രക്ഷപ്പെട്ടിരിക്കുന്നത് അല്ലാഹു കരുണ ചെയ്യുന്നവനായതുകൊണ്ടാണ്. ഇല്ലെങ്കിൽ നിങ്ങളുടെ പ്രവർത്തനം നിങ്ങളെ നശിപ്പിക്കുമായിരുന്നു. വലിയൊരു അക്രമമാണിത്. ചിന്തിക്കുകയും തന്നെ പിൻപറ്റുകയും താൻ പറയുന്നത് കേൾക്കുകയും നേരായവഴിയിൽ വരികയും ചെയ്യുക എന്ന് അല്ലാഹു പറയുന്നു.

ഇത് റഹ്മാനായ ദൈവത്തിന്റെ ഔദാര്യമാണ്. അവൻ സന്ദർഭാനുസരണം നബിമാർ മുഖേന ജനതകൾക്ക് മാർഗ്ഗദർശനം നല്കിക്കൊണ്ടിരിക്കുന്നു. അവൻ ഇന്നേയ്ക്ക് 1400 വർഷം മുമ്പേ നബി(സ) തിരുമേനിയെ മുഴുലോകത്തിനും മാർഗ്ഗദർശിയാക്കി അയച്ചു. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചുകൊണ്ട് ആ വഴി വീണ്ടും കാണിച്ചു. സൂറഃഫുർഖാനിൽ വന്നിരിക്കുന്നു:

وَإِذَا قِيلَ لَهُمُ اسْجُدُوا لِلرَّحْمٰنِ قَالُوا وَمَا الرَّحْمٰنُ
أَنَسْجُدُ لِمَا تَأْمُرُنَا وَزَادَهُمْ نُفُورًا ۩ ﴿٦١﴾

'റഹ്മാനായ അല്ലാഹുവിന് സാഷ്ടാംഗം പ്രണമിക്കുക' എന്ന് അവരോട് പറയപ്പെടുമ്പോൾ 'റഹ്മാൻ' എന്നാൽ എന്താണെന്ന് അവർ ചോദിക്കുന്നു. നീ കല്പിക്കുന്നതിന് ഞങ്ങൾ സാഷ്ടാംഗം പ്രണമിക്കണമോ? ഇക്കാര്യം അവർക്ക് വിരക്തി വർദ്ധിപ്പിക്കുകയാണുണ്ടായത്.' (25:61) അടുത്തവചനത്തിൽ പറയുന്നു:

تَبٰرَكَ الَّذِي جَعَلَ فِي السَّمَاءِ بُرُوجًا وَّجَعَلَ فِيهَا
سِرٰجًا وَّقَمَرًا مُّنِيرًا ﴿٦٢﴾
وَهُوَ الَّذِي جَعَلَ الَّيْلَ وَالنَّهَارَ خِلْفَةً لِّمَنْ أَرَادَ
أَنْ يَذَّكَّرَ أَوْ أَرَادَ شُكُورًا ﴿٦٣﴾

"ആകാശത്തിൽ രാശികളെ ഉണ്ടാക്കുകയും അതിൽ ഒരു വിളക്കിനേയും വെളിച്ചം നല്കുന്ന ഒരു ചന്ദ്രനേയും സൃഷ്ടിക്കുകയും ചെയ്തവൻ അനുഗ്രഹപൂർണ്ണനാണ്. അവൻ തന്നെയാണ് രാവിനേയും പകലിനേയും ഒന്നിനു പിറകെ മറ്റൊന്നായി മാറ്റിക്കൊണ്ടിരിക്കുന്നവൻ; ഉപദേശം കരസ്ഥമാക്കുവാനുദ്ദേശിക്കുകയോ കൃതജ്ഞത കാണിക്കുവാനുദ്ദേശിക്കുകയോ ചെയ്യുന്നവനുവേണ്ടി" (25:62,63). വീണ്ടും പറഞ്ഞു:

وَعِبَادُ الرَّحْمٰنِ الَّذِينَ يَمْشُونَ عَلَى الْأَرْضِ هَوْنًا
وَّإِذَا خَاطَبَهُمُ الْجٰهِلُونَ قَالُوا سَلٰمًا ﴿٦٤﴾

"പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്. വിവരമില്ലാത്തവർ അവരുമായി നേരിട്ടാൽ അവർ മറുപടിയെന്നോണം പറയുന്നു. സലാം" (25:64).

ഈ വചനങ്ങളിൽ അവിശ്വാസികൾക്ക് മറുപടി നല്കിയിരിക്കുകയാണ്. അതായത്, നിങ്ങൾ റഹ്മാനായ ദൈവത്തെക്കുറിച്ച് അവൻ ആരാണെന്ന് ചോദിക്കുന്നു. റഹ്മാനായ ആ ദൈവം നിങ്ങളുടെ ഗുണത്തിനായി ആകാശത്ത് സൂര്യനും ചന്ദ്രനും സൃഷ്ടിച്ചവനാണ്. സൂര്യന്റേയും ചന്ദ്രന്റേയും പ്രകാശത്തിലാണ് നിങ്ങളും സസ്യലതാദികളും നിലനില്ക്കുന്നത്. നിങ്ങളുടെ ഭൗതികജീവിതവും ആ റഹ്മാനായ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ആത്മീയജീവിതവും അവനുമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ഈ കാലഘട്ടത്തിലും ഈ ചോദ്യം ഉന്നയിക്കാറുണ്ട്. വായകൊണ്ടല്ലെങ്കിലും പ്രവൃത്തിയിലൂടെ. സ്വന്തം കർമ്മത്തിലൂടെ. ഇന്നേക്ക് 1400 വർഷം മുമ്പേ ഉദിച്ചുയർന്ന ആത്മീയസൂര്യനായ നബി(സ)യിൽനിന്ന് പ്രകാശം ഉൾക്കൊണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ആ പ്രകാശം മുന്നോട്ട് പരത്തി. അതുകൊണ്ട് ഇക്കാലത്ത് അദ്ദേഹത്തെ സ്വീകരിക്കേണ്ടതും നിർബന്ധമാണ്. ഈ ചന്ദ്രനെ അല്ലാഹു അയച്ചതാണ്. അദ്ദേഹത്തെ സ്വീകരിക്കുക. സ്വീകരിക്കാത്തവരാണ് ഞാൻ പറഞ്ഞതുപോലെ, ഇന്ന് അതേ ചോദ്യം ചോദിക്കുന്നത്. അതായത് ആരാണ് റഹ്മാനായ ദൈവം എന്ന്. അല്ലാഹുവിന്റെ വിശേഷണഗുണമായ റഹ്മാൻ, ഒരുഭാഗത്ത് മുസ്ലിംകളുടെ അവസ്ഥ പരിതാപകരമാണെന്നും ഏതെങ്കിലും നബിയോ പരിവർത്തനകാരിയോ വരണം എന്ന് വിളിച്ചോതുന്നു. മറുഭാഗത്ത് അവർ അല്ലാഹുവിന്റെ ഈ വിശേഷണഗുണത്തെ നിരാകരിക്കുന്നു. നബി(സ)

യുടെ കാലത്തിനുശേഷം ഇപ്പോൾ വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപത്തിൽ അല്ലാഹു വെളിച്ചം നല്കിയിരിക്കുകയാണ്. റഹ്മാനായ ദൈവത്തിൽനിന്ന് അയച്ച വെളിച്ചമാണിത്. അതിനെ നിഷേധിക്കുന്നതിന് പകരം അതിൽനിന്ന് ഫലമെടുക്കുക, അതിനെ സ്വീകരിക്കുക, സ്വീകരിക്കുന്നില്ലെങ്കിൽ അറിയാതെ അല്ലാഹുവിന്റെ ഈ വിശേഷണഗുണത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ആ മഹാത്മാവിനെ വിശ്വസിച്ചിട്ടുള്ള നമ്മൾ ഭാഗ്യവാന്മാരാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നൽകി. എന്നാൽ, ഇതിൽ മാത്രം തൃപ്തിയടഞ്ഞാൽ പോരാ. പ്രത്യുത, വിനയത്തോടുകൂടി അല്ലാഹുവിനെ ആരാധിക്കുന്നതിൽ ശക്തി ചെലുത്തേണ്ടതാണ്. എതിരാളികളുടെ അഹങ്കാരത്തോടെയുള്ള ആക്ഷേപത്തിന് മറുപടി അലിവോടും മമതയോടുംകൂടി കൊടുക്കേണ്ടതാണ്. അവർക്കു വേണ്ടി ദുആ ചെയ്യേണ്ടതാണ്. കാരണം റഹ്മാനായ അല്ലാഹുവിന്റെ ദാസരുടെ പ്രവൃത്തി ഇതുതന്നെയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞാനോതിയ ഖുർആനിക വചനങ്ങളെ വിശദീകരിച്ചുകൊണ്ട് പറയുന്നു:

وَإِذَا قِيلَ لَهُمُ اسْجُدُوا لِلرَّحْمَٰنِ قَالُوا وَمَا الرَّحْمَٰنُ
أَنَسْجُدُ لِمَا تَأْمُرُنَا وَزَادَهُمْ نُفُورًا
تَبَارَكَ الَّذِي جَعَلَ فِي السَّمَاءِ بُرُوجًا وَجَعَلَ فِيهَا
سِرَاجًا وَقَمَرًا مُّنِيرًا
وَهُوَ الَّذِي جَعَلَ اللَّيْلَ وَالنَّهَارَ خِلْفَةً لِّمَنْ أَرَادَ
أَن يَذَّكَّرَ أَوْ أَرَادَ شُكُورًا
وَعِبَادُ الرَّحْمَٰنِ الَّذِينَ يَمْشُونَ عَلَى الْأَرْضِ هَوْنًا
وَإِذَا خَاطَبَهُمُ الْجَاهِلُونَ قَالُوا سَلَامًا

അവിശ്വാസികളോടും നിർമ്മതക്കാരോടും നിരീശ്വരവാദക്കാരോടും നിങ്ങൾ റഹ്മാന് പ്രണാമം ചെയ്യുക എന്ന് പറയുമ്പോൾ, അവർ റഹ്മാൻ എന്ന പേരിനെ വെറുത്തുകൊണ്ട് നിഷേധത്തോടെ 'റഹ്മാൻ' എന്ത് വസ്തുവാണെന്ന് ചോദിക്കുന്നു. പിന്നീട് മറുപടി എന്ന നിലയിൽ പറഞ്ഞു. റഹ്മാൻ എന്നത് അളവറ്റ അനുഗ്രഹമുടയസത്തയാണ്. അവനിൽനിന്നാണ് എല്ലാ നന്മയും ഐശ്വര്യവും പൊട്ടിപ്പുറപ്പെടുന്നത്. അവൻ എന്നെന്നും നിലനിൽക്കുന്നവനാണ്. അവൻ ആകാശത്ത് രാശികളെ സൃഷ്ടിച്ചിരിക്കുന്നു. രാശികളിൽ സൂര്യനേയും ചന്ദ്രനേയും വെച്ചിരിക്കുന്നു. അവൻ പ്രപഞ്ചം സൃഷ്ടിച്ചു. അതിൽ സൂര്യനേയും ചന്ദ്രനേയും സ്ഥാപിച്ചു. വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വകഭേദമില്ലാതെ എല്ലാവർക്കും അത് വെളിച്ചം നൽകുന്നു. ആ റഹ്മാനാണ് നിങ്ങൾക്കുവേണ്ടി അതായത് ആദം സന്തതികൾക്കെല്ലാം വേണ്ടി രാവും പകലും സൃഷ്ടിച്ചുതന്നിട്ടുള്ളത്. അത് ഒന്നിനു പിറകെ ഒന്നായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അറിവ് അന്വേഷിക്കുന്നത് ആരാണോ അവർ ഈ ഗഹനമായ ജ്ഞാനത്തിൽ നിന്ന് ഫലമെടുക്കുന്നതിനും അനാവശ്യവും നിരർത്ഥകവുമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാൻ കഴിവുള്ളവൻ നന്ദി കാണിക്കുന്നതിനും വേണ്ടി. റഹ്മാന്റെ യഥാർത്ഥ അനുയായികൾ ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരാണ്.

അതുകൊണ്ട് അല്ലാഹുവിന് ശുക്ർ ചെയ്യുക. ഇക്കാര്യത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കുക. പിന്നീട് പറഞ്ഞു, റഹ്മാന്റെ യഥാർത്ഥ ദാസർ ഭൂമിയിൽ വിനയാന്വിതരായി നടക്കുന്നവരാണ്. വിവരദോഷികൾ അവരോട് കഠിനമായി പെരുമാറിയാൽ സലാം എന്ന പദം കൊണ്ട് അവരോട് പകരം വീട്ടുന്നു. അതായത്, ദ്വേഷ്യത്തിന് പകരം മൃദുവായി പെരുമാറുന്നു. ചീത്ത പറയുന്നതിന് പകരം അവർക്കായി ദുആ ചെയ്യുന്നു. ഇപ്പോൾ അഹ്മദികൾ ഒരുപാട് ചീത്ത കേൾക്കുന്നുണ്ട്. പക്ഷേ, അവർ ചീത്തയെ ചീത്തകൊണ്ട് പ്രതിരോധിക്കുകയില്ല. മറിച്ച്, അവർക്കായി ദുആ ചെയ്യുന്നു. റഹ്മാനായ അല്ലാഹുവിന്റെ സവിശേഷമായ സ്വഭാവം പ്രകടിപ്പിക്കാൻ ശ്രമിക്കുന്നു. കാരണം റഹ്മാനായ അല്ലാഹു സച്ചരിതർക്കും ദുഷ്ടജനതക്കും സൂര്യനും ചന്ദ്രനും മുഖേന ഗുണം ചെയ്യുന്നവനാണ്. ഈ വചനങ്ങളിൽ അല്ലാഹു വ്യക്തമായും പറഞ്ഞു, റഹ്മാൻ എന്ന പദം ഈ അർത്ഥത്തിലാണ് അല്ലാഹുവിനായി പറയുന്നത്. അവന്റെ കാരുണ്യം പൊതുവായ നിലയിൽ നല്ലവരിലും അല്ലാത്തവരിലും ഒരുപോലെ വീഴുന്നു. മറ്റൊരു സ്ഥലത്തും ഇതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ***അദാബീ ഉസ്വീബു ബിഹീ മൻ അശാഉ വറഹ്മത്തീ വസിഅത് കുല്ല ശയ്ഇൻ***. എന്റെ ശിക്ഷ ഞാനുദ്ദേശിക്കുന്നവർക്ക് എത്തിക്കുന്നു. എന്റെ കാരുണ്യമാകട്ടെ സർവ്വവസ്തുക്കളേയും വലയം വെക്കുന്നു (7:157).

അല്ലാഹു തന്റെ റഹ്മാനിയ്യത്ത് കാരണത്താൽ മാപ്പ് നൽകുന്നതിലേക്കാണ് കൂടുതൽ താല്പര്യം കാണിക്കുന്നത്. പറഞ്ഞു: ***ഖുൽ മൻയ്യക്‌ലഉകും ബില്ലയ്‌ലി വന്നഹാരി മിനർറഹ്മാൻ***. ഈ കാഫിറുകളോടും നന്ദികെട്ടവരോടും പറയുക. അല്ലാഹുവിൽ

റഹ്മാനിയ്യത്ത് എന്ന ഗുണം ഇല്ലായിരുന്നെങ്കിൽ അവന്റെ ശിക്ഷയിൽനിന്ന് നിങ്ങൾ സുരക്ഷിതരായിരിക്കുമായിരുന്നില്ല(21:43). അതായത്, അവന്റെ റഹ്മാനിയ്യത്തിന്റെ സ്വാധീനമാണ് അവിശ്വാസികൾക്കും വിശ്വാസവഞ്ചകർക്കും അവധി നീട്ടികൊടുക്കുന്നു എന്നത്. പെട്ടെന്ന് പിടിച്ച് അവൻ ശിക്ഷിക്കാറില്ല.

'ജമാഅത്തിനുമേൽ ഇത്രമാത്രം അക്രമം ഉണ്ടാകുന്നു. അഹ്മദികളുടെമേൽ ദ്രോഹം ചെയ്യുന്നു. എന്തുകൊണ്ട് ശിക്ഷ ഇറക്കുന്നില്ല എന്ന് ചിലർ ചോദിക്കാറില്ലേ?' അല്ലാഹു അവന്റെ റഹ്മാനിയ്യത്തിന്റെ പ്രഭ യഥാർത്ഥത്തിൽ കാണിക്കുന്നു എന്നതാണ് അതിനുള്ള മറുപടി. വേറൊരിടത്ത് പറഞ്ഞു: ***അവലം യറൗ ഇലത്വയ്രി ഫൗഖഹും സ്വാഫ്ഫാത്തിൻ വ്വ യഖ്ബിളന മാ യുംസിക്കുഹുന്ന ഇല്ലർറഹ്മാൻ*** അവരുടെ മീതെ പക്ഷികൾ ചിറക് വിടർത്തി പറക്കുന്നത് അവർ കാണുന്നില്ലേ. അവ ചിറകുകൾ കൂട്ടിപ്പിടിക്കുകയും ചെയ്യുന്നു. പരമകാരുണികനല്ലാതെ മറ്റാരുമല്ല അവയെ പിടിച്ചുനിറുത്തുന്നത് (67:20).

അല്ലാഹുവിന്റെ ഈ അനുഗ്രഹം എല്ലാ പക്ഷിമൃഗാദികളിലും ജീവജാലങ്ങളിലും വ്യാപിച്ചുനില്ക്കുന്ന ഒന്നാണ്. അല്ലാഹു, ആ റഹ്മാനെ തിരിച്ചറിയാനുള്ള തൗഫീഖ് നമുക്ക് നല്കുമാറാകട്ടെ. അവന്റെ പൊതുവായ അനുഗ്രഹവും അവന്റെ കാരുണ്യവും എല്ലാ വസ്തുക്കളിലും വ്യാപിച്ചുനില്ക്കുന്നു. അതെല്ലാം കൂടുതൽ അവനെ ആരാധിക്കുന്നതിലേക്ക് നമ്മെ പ്രേരിപ്പിക്കുന്നതായിത്തീരട്ടെ. ഈ അനുഗ്രഹത്തെ നമ്മുടെ ജീവിതത്തിൽ നടപ്പിൽവരുത്തി തുറന്ന ഹൃദയത്തോടെ സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരായി നാം മാറട്ടെ. നമ്മെ ചീത്ത പറയുന്നവരുടെ മാറ്റത്തിനായി നാം ചിന്തിക്കുക. അവർ കാര്യങ്ങൾ കേൾക്കാൻ തയ്യാറല്ല. പക്ഷേ, കഠിനഹൃദയരായ അത്തരക്കാർക്കുവേണ്ടി ദുആ ചെയ്യാൻ നമുക്ക് കഴിയും. ഒരുപക്ഷേ, നമ്മുടെ ദുആ സ്വീകരിക്കപ്പെടും. അത് ഫലം കൊണ്ടുവരും. നമ്മുടെ ഹൃദയം അലിവുള്ളതായിത്തീരണം. ഇൻശാഅല്ലാഹ്. അത് അലിവുള്ളതായിത്തീരുക തന്നെ ചെയ്യും. അതുകൊണ്ട് നാം ഒരുപാട് ദുആ ചെയ്യേണ്ടതാണ്.

എല്ലാവർക്കും വേണ്ടി പൊതുവേയും മുസ്‌ലിംകൾക്ക് വേണ്ടി പ്രത്യേകിച്ചും സത്യം തിരിച്ചറിയാൻ ഭാഗ്യം കിട്ടുന്നതിനുവേണ്ടി പ്രാർത്ഥിക്കുക. കാരണം ഇവർ റഹ്മത്തുൻല്ലിൽ ആലമീന്റെ അനുയായികളാണെന്ന് പറയുന്നവരാണ്. അല്ലാഹു, നബി(സ)ന്റെ ദാനത്തിന്റെ ഫലമായി ഈ ജനതയെ നാശത്തിൽ നിന്ന് രക്ഷിക്കുമാറാകട്ടെ.

ഒരു ദുആയ്ക്കുവേണ്ടി പറയണമായിരുന്നു. ഇൻശാഅല്ലാഹ്. രണ്ടുമൂന്ന് ദിവസത്തിനുള്ളിൽ ഞാൻ ജർമ്മനിയിലേക്ക് പോകുകയാണ്. അവിടെ ഒരുപാട് പരിപാടികൾ അവർ സംഘടിപ്പിച്ചിട്ടുണ്ട്. അല്ലാഹു എല്ലാ നിലയിലും അത് അനുഗ്രഹീതമാക്കുമാറാകട്ടെ. ഇൻശാഅല്ലാഹ്. ഖാദിയാൻ ജൽസയുടെ സമാപന പ്രഭാഷണവും 28-ാം തിയ്യതി അവിടുന്നായിരിക്കും. അല്ലാഹു യാത്രയിലും പരിപാടികളിലും സകലവിധത്തിലും വിജയം നൽകുന്നതിനായി പ്രാർത്ഥിക്കുക.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 15.12.2006 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala